St.Thomas Community
Kuttappuzha P.O., Thiruvalla
Kerala, India - 689103
Email: metropolitan@bec.org, www.bec.org

**Moran Mor Samuel Theophilus Metropolitan**
**Believers Eastern Church**

BECSS/MK/EN/31-10-2024

**ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിലെ എല്ലാ ആർച്ചുബിഷപ്പുമാർക്കും, തിരുമേനിമാർക്കും, വൈദീകർ, ശെമ്മാശന്മാർ, സുവിശേഷകർ, സിസ്റ്റേഴ്സ് ഓഫ് കംപാഷൻ എന്നിവർക്കും ലോകമെമ്പാടുമുള്ള എല്ലാ സഭയുടെ വിശ്വസ്തർക്കും**

**പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ അനുഗ്രഹങ്ങളും വാഴ്വുകളും.**

കർത്താവിൽ എനിക്ക് വാത്സല്യമുള്ളവരേ,

ഏക സത്യ ദൈവമായ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ! ആമേൻ ✠

പ്രകൃതിക്ക് വിവിധ കാലങ്ങൾ ഉള്ളതുപോലെ പരിശുദ്ധ സഭയ്ക്കും വിവിധ കാലങ്ങളുണ്ട്. നമ്മുടെ സഭാവർഷം നോമ്പുകളും, പെരുന്നാളുകളും, പ്രാർത്ഥനകളും, ഉപവാസവും, ദാനധർമ്മങ്ങളും എല്ലാം ഉൾക്കൊണ്ടിരിക്കുന്നതും ഇവ നമ്മെ ക്രിസ്തുവിനെപ്പോലെയായിത്തീരുവാൻ തക്ക രീതിയിൽ രൂപകല്പന ചെയ്തവയുമാണ്.

ഉല്പത്തി 8:22-ൽ നാം വായിക്കുന്നതുപോലെ “ഭൂമിയുള്ള കാലത്തോളം വിതയും കൊയ്ത്തും, ശീതവും ഉഷ്ണവും, വേനലും വർഷവും, രാവും പകലും നിന്നുപോകയില്ല.” ഈ കാലങ്ങളും പാരമ്പര്യങ്ങളും നമുക്ക് ഭാരമല്ല. ഇവ നമ്മുടെ വിശ്വാസത്തിലും സാക്ഷ്യത്തിലും ശക്തവും ആഴവുമായി വളരുവാൻ നമ്മെ സഹായിക്കുന്ന അനുഗ്രഹങ്ങളാണ്.

നവംബർ പുതിയ ആരാധനാ വർഷത്തിന്റെ തുടക്കമാണ്. ഇത് വിശുദ്ധമായ പ്രഖ്യാപനത്തിന്റെയും ആഗമനത്തിന്റെയും കാലമാണ്. കഴിഞ്ഞ വർഷത്തെക്കുറിച്ച് ചിന്തിക്കുവാനും പുതിയ ആത്മീയ തീരുമാനങ്ങൾ എടുക്കുന്നതിനുമുള്ള സമയമാണിത്. ഒരുപക്ഷേ നിങ്ങൾ കഴിഞ്ഞ നാളുകളിൽ തിരുവെഴുത്തുകൾ വായിക്കുവാനും, വിശുദ്ധ കുർബ്ബാനയിൽ പങ്കാളികളാകുവാനും സാധിക്കാതെ ആത്മീയ അലസതയിൽ വീണിട്ടുണ്ടാകാം. ഈ വർഷം കൃത്യമായി ആരാധനയിൽ പങ്കെടുക്കുവാനും വിശുദ്ധ കുർബ്ബാന അർപ്പിക്കുവാനും കുടുംബപ്രാർത്ഥനകൾ ഗൗരവമായി എടുക്കുവാനും നമുക്ക് തീരുമാനമെടുക്കാം. പരിശുദ്ധ സഭയിലെ ശുശ്രൂഷയിൽ കൂടുതൽ പ്രതിജ്ഞാബദ്ധരായി സജീവമാകുകയും, ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്ന താലന്തുകൾ ഉപയോഗിച്ച് ദൈവസഭയെ കെട്ടുപണി ചെയ്യുവാനും, മറ്റുള്ളവരോട് ദൈവസ്നേഹം പങ്കിടുവാനും നാം തയ്യാറാകണം.

സഭാ കലണ്ടർ അനുസരിച്ച് മുന്നോട്ടു പോകുവാൻ നിങ്ങളുടെ കുഞ്ഞുങ്ങളെ അഭ്യസിപ്പി ക്കണമെന്നാണ് എനിക്ക് മാതാപിതാക്കളോട് പറയുവാനുള്ളത്. അത് അവരുടെ ആത്മീയ രൂപീകരണത്തിന് വഴിതെളിക്കും. ആത്മീയരൂപീകരണം ആരംഭിക്കേണ്ടത് ഭവനങ്ങളിലാണ്. അതിലൂടെ ചെറുപ്പം മുതൽക്കുതന്നെ അവർ പ്രാർത്ഥിക്കുവാനും ഉപവസിക്കുവാനും, ദാനം ചെയ്യുവാനും പഠിക്കുന്നു. യുവാക്കളോട് പൗലൊസ് ശ്ലീഹായുടെ വാക്കുകൾ ഒരിക്കൽക്കൂടെ

ഞാൻ ഓർമ്മപ്പെടുത്തട്ടെ. "ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്ക" (1 തിമൊഥെയോസ് 4:12).

ഈ പുതിയ സഭാ വർഷത്തിലേക്ക് നാം ക്രിസ്തുവിൽ പ്രവേശിക്കുമ്പോൾ ഒരു പുതുമയുടെ അടയാളം മാത്രമായി ഇതിനെ കാണാതെ നമ്മെത്തന്നെ പുനർ സമർപ്പണം ചെയ്യുവാനുള്ള അവസരമായി ഇതിനെ കാണണം. നമ്മുടെ തീരുമാനങ്ങൾ മനുഷ്യന്റെ ഇച്ഛാശക്തിയിൽ നിന്നുള്ളതായ ലൗകീക തീരുമാനങ്ങളിൽനിന്ന് വ്യത്യസ്തമായിരിക്കണം. അത് ദൈവത്തിന്റെ കൃപയിലും ശക്തിയിലും വേരൂന്നിയതായിരിക്കണം. ഈ പുതിയ സീസണിൽ പെരുന്നാളുകൾ ആഘോഷിച്ചും, വൃതാനുഷ്ഠാനങ്ങൾ ആചരിച്ചും, അനുതാപത്തോടുകൂടി നമുക്ക് ക്രിസ്തുവിൽ ഒരു ശരീരമായി യാത്ര ചെയ്യാം.

വിശുദ്ധ പൗലോസ് ശ്ലീഹായോട് ചേർന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ".... നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായ നീളവും വീതിയും ഉയരവും ആഴവും എന്തെന്ന് സകല വിശുദ്ധന്മാരോടുകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം എന്ന് ഞാൻ പ്രാർത്ഥിക്കുന്നു" (എഫെസ്യർ 3:17-19). നമ്മിൽ പ്രവർത്തിക്കുന്ന ത്രിയേക ദൈവത്തിന്റെ അളവറ്റ ശക്തിയും മഹത്വവും സകല വിശുദ്ധന്മാരുടെയും പരിശുദ്ധ ദൈവമാതാവിന്റെയും പ്രാർത്ഥനയാൽ നമ്മുടെ സഭയിലും ജീവിതത്തിലും എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ. ആമേൻ.

പരിശുദ്ധ സഭയിൽനിന്നും,

ക്രിസ്തുവിൽ നിങ്ങളുടെ പിതാവ്

**✠മോറാൻ മോർ സാമുവൽ തെയോഫിലസ് മെത്രാപ്പോലീത്ത**